## പതിമൂന്നാം കേരള നിയമസഭ - ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1348 12/07/2011-ൽ മറുപടിക്ക്

**മത്സ്യനയം**

| ചോദ്യം<br>ശ്രീ. വി.പി. സജീന്ദ്രൻ | മറുപടി<br>ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|
| (എ) ഈ സർക്കാർ മത്സ്യബന്ധന മേഖലയിലെ വികസനത്തിനും, വളർച്ചയ്ക്കുമായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുമായി ബന്ധപ്പെട്ട 'കേരള മത്സ്യനയം' പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) മത്സ്യബന്ധന മേഖലയിലെ വികസനത്തിനും വളർച്ചക്കുമായി നിലവിലുള്ള പ്രധാന പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1) ഉൾനാടൻ മത്സ്യകൃഷി വികസനം<br>2) മത്സ്യകേരളം പദ്ധതി<br>3) കുട്ടനാട് പാക്കേജ്/ ആർ.കെ.വി.വൈ. പദ്ധതികൾ<br>4) ആഴക്കടൽ മത്സ്യബന്ധന പദ്ധതി<br>5) വ്യാവസായിക മത്സ്യവികസനം<br>6) കോൾ നിലങ്ങളിൽ മത്സ്യകൃഷി<br>7) ഒരു നെല്ലും ഒരു മീനും പദ്ധതി<br>8) സംയോജിത മത്സ്യബന്ധന പദ്ധതി<br>9) 2011-12 ൽ തീരദേശ വികസന അതോറിറ്റി രൂപീകരിക്കുന്നതിനും (1 കോടി രൂപ) താനൂർ മോഡൽ ഫിഷിംഗ് വില്ലേജ്, ഉദുമ ഫിഷറീസ് സ്റ്റേഷൻ, ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണം എന്നിവ പുതിയ പദ്ധതികളായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. മത്സ്യനയം പ്രഖ്യാപിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ നിലവിലില്ല. |
| (ബി) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; ഇതിനായി മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുവാൻ 'മത്സ്യപരിപാലന കേന്ദ്രങ്ങളെ' തമ്മിൽ ബന്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് സാങ്കേതിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള മത്സ്യകർഷക വികസന ഏജൻസികൾ വഴി മത്സ്യ/ ആറ്റുകൊഞ്ച്/ ചെമ്മീൻകൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ മുൻകാലങ്ങളിലെന്നപോലെ നടപ്പാക്കിവരുന്നു. കൂടാതെ കേരളത്തിലെ ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈവിധ്യമാർന്ന ജലകൃഷി സമ്പ്രദായങ്ങൾ വഴി മത്സ്യകൃഷിയും മത്സ്യോല്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യകേരളം പദ്ധതി നടപ്പാക്കി വരുന്നു. ഇതിനു പുറമേ അഡാക്ക് മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിക്കു ശേഷം മത്സ്യകൃഷി നടത്തുന്ന ഒരു നെല്ലും ഒരു മീനും പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റുകൊഞ്ചു കൃഷിയും നടപ്പാക്കിവരുന്നു. കൂടാതെ ആഗോള മാന്ദ്യത്തിന്റെ കെടുതിയിൽ നിന്നും മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിനായി കൂടുകളിൽ മത്സ്യകൃഷി നടപ്പാക്കി വരുന്നു. ടി പദ്ധതി പ്രകാരം കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലായി 50 കൂടുകൃഷി യൂണിറ്റുകൾ |

| | |
|---|---|
| | വ്യക്തികൾ/ സ്വയം സഹായ സംഘങ്ങൾ വഴി നടപ്പിലാക്കി വരുന്നു. വിദർഭാ പാക്കേജ് വഴി പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിലും കുട്ടനാട് പാക്കേജ് വഴി കോട്ടയം, ആലപ്പുഴ പത്തനംതിട്ട ജില്ലകളിലും മത്സ്യകൃഷി നടപ്പാക്കി വരുന്നു. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് ന്റെ സഹായത്തോടെ തെരഞ്ഞെടുത്ത റിസർവോയറുകളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ആറ്റുകൊഞ്ച്/ കരിമീൻ/ ചെമ്മീൻ കൃഷിയും വിവിധ ജില്ലകളിൽ നടപ്പാക്കി വരുന്നു. കൂടാതെ അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ ഫിർമ നോഡൽ ഏജൻസിയായി അക്വാപാർക്ക് സ്ഥാപിച്ചു. അലങ്കാര മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ കാവിൽ എന്ന കമ്പനി എല്ലാവിധ നടപടികളും സ്വീകരിച്ചിട്ടുണ്ട്. മത്സ്യക്കുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുവാൻ മത്സ്യ പരിപാലന കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിച്ചാണ് പദ്ധതികളെല്ലാം നടപ്പാക്കി വരുന്നത്. |
| (സി) അലങ്കാര മത്സ്യ പ്രദർശനങ്ങൾ ഈ മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തിയോ എന്ന് പരിശോധിക്കുമോ ; | (സി) സംസ്ഥാനത്ത് കാര്യമായ പുരോഗതി കൈവരിക്കാതെ നിൽക്കുന്ന അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാൻ [illegible] 1997–98 കാലഘട്ടത്തിൽ ഒരു അലങ്കാര മത്സ്യ പ്രദർശനം നടത്തുകയുണ്ടായി. ഈ പ്രദർശനത്തിന്റെ പ്രതികരണവും, വിജയവും കണക്കിലെടുത്ത് സംസ്ഥാന സർക്കാർ 2 വർഷം കൂടുമ്പോൾ അഖിലേന്ത്യാ അലങ്കാര മത്സ്യ പ്രദർശനം നടത്തി വരുന്നു. കേരളത്തിലെയും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെയും മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയെയും അതോടൊപ്പം വിദേശത്തു നിന്നും താല്പര്യമുള്ളവരേയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ തോതിലുള്ള ഒരു പ്രദർശനമാണ് നടത്തിവരുന്നത്. അലങ്കാര മത്സ്യ പ്രദർശനങ്ങൾ ഈ മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ജില്ലാതലങ്ങളിൽ അലങ്കാര മത്സ്യപ്രദർശനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഡി) കാർഷിക മേഖലയിലെ പ്രദർശനത്തോടൊപ്പം ജില്ലാ തലങ്ങളിൽ മത്സ്യകർഷക വികസന ഏജൻസിയുടെ മത്സ്യപ്രദർശനം എല്ലാ വർഷവും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ